"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -പ്ലാനിംഗ് -ജീവനക്കാര്യം- മലപ്പുറം ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിൽ പ്ലാനർ അസോസിയേറ്റ് തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. മുഹമ്മദ് അൻസിഫ് അൻവറിന്റെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.2039/2024/LSGD തീയതി,തിരുവനന്തപുരം, 26-10-2024

---

പരാമർശം:-

1. സ.ഉ(സാധാ) നം. 2766/09/തസ്വഭവ തീയതി. 24.10.2009
2. സ.ഉ(സാധാ) നം. 2767/09/തസ്വഭവ തീയതി 24.10.2009
3. സ.ഉ(സാധാ) നം. 384/17/തസ്വഭവ തീയതി. 10.02.2017
4. മലപ്പുറം ജില്ലാ നഗരാസൂത്രകന്റെ 9.5.2022 ലെ TCPMPM /482/2021-A4 നമ്പർ ഉത്തരവ്
5. മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്)-ന്റെ 05.05.2023 ലെ LSGD/PD/23018/2023-TCPB3 നമ്പർ കത്ത്
6. മുഖ്യ നഗരാസൂത്രകൻ(പ്ലാനിംഗ്) -ന്റെ 18.04.2024 തീയതിയിലെ LSGD/PD/ 23018/2023-TCPB3 നമ്പർ കത്ത്

**ഉത്തരവ്**

'മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കൽ' എന്ന പദ്ധതിയുടെ കീഴിൽ മലപ്പുറം ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ പ്ലാനർ അസോസിയേറ്റ് തസ്തികയിൽ പരാമർശം (4) പ്രകാരം ശ്രീ. മുഹമ്മദ് അൻസിഫ് അൻവറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും പരാമർശം (5) പ്രകാരം ഒരു വർഷം കൂടി കാലാവധി നീട്ടി നൽകുകയും ചെയ്തിരുന്നു.

2. മലപ്പുറം ജില്ലാ കാര്യാലയത്തിൽ മഞ്ചേരി മാസ്റ്റർ പ്ലാൻ, പരപ്പനങ്ങാടി മാസ്റ്റർ പ്ലാൻ എന്നിവയുടെ അവസാനഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാലും അമൃത് 2.0 പദ്ധതിയിൻ കീഴിൽ ജില്ലയിലെ 12 മുനിസിപ്പാലിറ്റികൾക്കും ജി.ഐ.എസ് മാസ്റ്റർ പ്ലാനുകൾ

സമയബന്ധിതമായി തയ്യാറാക്കേണ്ടത് കൊണ്ടും ജി.ഐ.എസ് സാങ്കേതിക നൈപുണ്യമുള്ള ആളുടെ സേവനം ഓഫീസിൽ അത്യന്തം ആവശ്യമാണെന്നും, ടി തസ്തികയിൽ യോഗ്യതയുള്ളവരുടെ എണ്ണം കോഴിക്കോട് പ്രൊഫഷണൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ ദുർലഭമായതിനാലും, മലപ്പുറം ജില്ലയിൽ ടി തസ്തികക്ക് അനുസരിച്ച് പ്രവർത്തി പരിചയ സമ്പന്നത ഉള്ളവരെ കിട്ടുവാൻ ബുദ്ധിമുട്ട് ഉള്ളതുകൊണ്ടും മലപ്പുറം ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസിലെ പ്ലാനർ അസോസിയേറ്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ശ്രീ. മുഹമ്മദ് അൻസിഫ് അൻവറിന്റെ കരാർ കാലാവധി 15.5.2024-ൽ രണ്ട് വർഷം പൂർത്തിയാകുന്ന സാഹചര്യത്തിൽ ടിയാന്റെ സേവനം ഒരു വർഷം കൂടി നീട്ടി നൽകുന്നതിന് അനുമതി നൽകണമെന്ന് സി.റ്റി.പി(പ്ലാനിംഗ്) പരാമർശം (6) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലാ നഗരാസൂത്രകന്റെ കാര്യാലയത്തിൽ പ്ലാനർ അസോസിയേറ്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ശ്രീ. മുഹമ്മദ് അൻസിഫ് അൻവറിന്റെ സേവനകാലാവധി കരാർ ദിവസവേതനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ധനവകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ പൊതുമാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്തുവാൻ യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തി 15.5.2024 ന് കാലാവധി പൂർത്തിയായ മുറയ്ക്ക് ഒരു ദിവസം ബ്രേക്ക് നൽകി 17.05.2024 മുതൽ 16.05.2025 വരെ ഒരു വർഷത്തേക്ക് കൂടി കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പ്രസ്തുത കാലാവധിയ്ക്കുള്ളിൽ സമയ ബന്ധിതമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ടൗൺ പ്ലാനർ മലപ്പുറം ജില്ല ( സി.റ്റി.പി, പ്ലാനിംഗ് മുഖേന)

ശ്രീ. മുഹമ്മദ് അൻസിഫ് അൻവർ, പ്ലാനർ അസോസിയേറ്റ്, ജില്ലാ ടൗൺ പ്ലാനറുടെ കാര്യലയം, മലപ്പുറം ( സി.റ്റി.പി , പ്ലാനിംഗ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( vide file no.2834504/ Dev-4/140/2024-FIN)

വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (File No.EWB3/122/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 28-10-2024 08:58:31